(ബി) പ്രസ്തുത കേസ്സുകളുമായി ബന്ധപ്പെട്ട് ഇനിയും പിടികൂടാനുള്ള പ്രതികളെത്ര ; അന്വേഷണം പൂർത്തിയായി കുറ്റപത്രം സമർപ്പിച്ച കേസ്സുകളെത്ര; വ്യക്തമാക്കാമോ ;

(സി) വിചാരണ പൂർത്തിയായ കേസ്സുകളെത്ര; ശിക്ഷിക്കപ്പെട്ട പ്രതികളെത്ര ; വിട്ടയയ്ക്കപ്പെട്ടവരെത്ര ; വ്യക്തമാക്കാമോ ;

(ഡി) അന്വേഷണം സി.ബി.ഐ.-യ്ക്ക് കൈമാറിയ കേസ്സുകളെത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഗുണ്ടാ ആക്രമണങ്ങളിൽ കൊല്ലപ്പെട്ടവരുടെ എണ്ണം - 12 ; മാഫിയാ ആക്രമണങ്ങളിൽ കൊല്ലപ്പെട്ടവരില്ല ; മതസ്പർദ്ധയാൽ കൊല്ലപ്പെട്ടവരുടെ എണ്ണം - 2 ; ധനാപഹരണത്തിനിടെ കൊല്ലപ്പെട്ടവരുടെ എണ്ണം - 66.

(ബി) മേൽപ്പറഞ്ഞ സംഭവങ്ങളിൽ ഗുണ്ടാ ആക്രമണങ്ങളിലെ പ്രതികളെ ആരെയും പിടികൂടുവാനില്ല. 9 കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ച മതസ്പർദ്ധയാലുള്ള ആക്രമണങ്ങളിൽ രജിസ്റ്റർ ചെയ്ത കേസ്സുകളിൽ 3 പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യുവാനുണ്ട്. ഒരു കേസ്സിൽ അന്വേഷണം പൂർത്തിയാക്കി. ധനാപഹരണ ആക്രമണങ്ങളിൽ രജിസ്റ്റർ ചെയ്ത കേസ്സുകളിൽ 4 പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യുവാനുണ്ട്. 45 കേസ്സുകളിൽ കുറ്റപത്രം സമർപ്പിച്ചു.

(സി) ടി സംഭവങ്ങളിൽ ഗുണ്ടാ ആക്രമണങ്ങളിൽ വിചാരണ പൂർത്തിയായ കേസ്സുകൾ - 2 ; ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം - 7 ; വിട്ടയയ്ക്കപ്പെട്ട പ്രതികളുടെ എണ്ണം-7. മതസ്പർദ്ധ കേസ്സുകളിൽ അന്വേഷണം പൂർത്തിയായ കേസ്സുകളൊന്നുമില്ല.

ധനാപഹരണത്തിനിടെ നടന്ന ആക്രമണങ്ങളിൽ രജിസ്റ്റർ ചെയ്ത കേസ്സുകളിൽ വിചാരണ പൂർത്തിയായവ-5 ; ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം-17 ; വിട്ടയയ്ക്കപ്പെട്ട പ്രതികളുടെ എണ്ണം-4.

(ഡി) മേൽപ്പറഞ്ഞ കേസുകളൊന്നുംതന്നെ സി.ബി.ഐ.-യ്ക്ക് കൈമാറിയിട്ടില്ല.

പെരുമ്പളത്ത് പോലീസ് ഔട്ട്പോസ്റ്റ്

240 (2113) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ വടക്കേ അറ്റത്തുള്ള ദ്വീപ് പഞ്ചായത്തായ പെരുമ്പളം, ഗുണ്ടാ-മയക്കുമരുന്ന് സംഘങ്ങളുടെ താവളമാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിനും ദ്വീപിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനുമായി പെരുമ്പളം ദ്വീപ് കേന്ദ്രമാക്കി ഒരു പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഔട്ട് പോസ്റ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ടി സ്ഥലത്ത് ഒരു പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് ആലപ്പുഴ ജില്ലാ പോലീസ് മേധാവിയുടെ നിർദ്ദേശം വകുപ്പുതലത്തിൽ പരിശോധിച്ചുവരുന്നു.

മാവോയിസ്റ്റ് സാന്നിദ്ധ്യം

241 (2114) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് മാവോയിസ്റ്റ് സാന്നിദ്ധ്യം കണ്ടെത്തിയിട്ടും ഇതുവരെ ഒരു മാവോയിസ്റ്റിനെ പോലും പിടികൂടാനാവാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദീകരണം നൽകാമോ ?

ഉത്തരം

2013 ഫെബ്രുവരി മാസം മുതൽ സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിൽ ചില ജില്ലകളിൽ വനപ്രദേശങ്ങളിലും വനത്തിനോട് അടുത്ത പ്രദേശങ്ങളിലും മറ്റും സായുധ മാവോയിസ്റ്റ് സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ അനവധി വർഷങ്ങളായി മാവോയിസ്റ്റ് പ്രവർത്തനമുണ്ട്. കേരളത്തിലെ വന പ്രദേശങ്ങളിൽ മുഖ്യമായും കേന്ദ്രീകരിക്കുന്ന ഇവരിൽ ബഹു ഭൂരിപക്ഷവും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണെന്ന് പോലീസ് തിരിച്ചറിഞ്ഞിട്ടുണ്ട്. താരതമ്യേന പുതിയതായി ഉയർന്നു വന്നിട്ടുള്ളതും പരമ്പരാഗതമായി കാര്യമായ പോലീസ് പ്രവർത്തനം നടക്കാത്തതുമായ വനാന്തരങ്ങളിൽ മുഖ്യമായും കേന്ദ്രീകരിച്ചിട്ടുള്ളതിനാലുമാണ് മാവോയിസ്റ്റുകളെ അറസ്റ്റ് ചെയ്യാൻ എളുപ്പത്തിൽ കഴിയാത്തത്. ഈ പ്രശ്നം കാര്യക്ഷമമായി നേരിടുന്നതിന് സംസ്ഥാന പോലീസിന്റെ വിവിധ ശാഖകളെ ശക്തിപ്പെടുത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly